بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/04/2016

## (22 JAMADUL AAKHIR 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "KHATAM - AN-NABIYYINE AND THE ADVENT OF PROPHETS PART 2 "

## ഖാത്തമുന്നബിയ്യീനും പ്രവാചകന്മാരുടെ ആഗമനവും ഭാഗം 2

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഖാത്തമുന്നബിയ്യീനും പ്രവാചകന്മാരുടെ ആഗമനവും എന്ന വിഷയത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിച്ചു. 2016 മാർച്ച് 26-ാം തീയതി സുഹ്ർ നമസ്ക്കാര ശേഷം, അഹ്മദിയല്ലാത്ത ഒരു മുസ്ലീം സുഹൃത്ത് എനിക്കൊരു മുസ്ലീം പത്രം (സ്റ്റാർ നംമ്പർ 1625) 21-27 ഫെബ്രുവരി 2016 ലക്കം, അതിൽ ഒരു ലേഖനം 30 -ാം പേജിൽ പ്രവാചകത്വത്തിന്റെ സീൽ (പാർട്ട് 4) ആയി എഴുതപ്പെട്ടിരിക്കുന്നു. മുസ്ലീം സമുദായത്തിലെ എല്ലാ പണ്ഡിതന്മാരും ഈ വിഷയത്തിൽ ഒരു തീരുമാനത്തിലെത്തിയതായി ഒരു ഇമാം അതിൽ പറയുന്നു. ഈ ഉടമ്പടിയെപ്പറ്റി നാം വിചിന്തനം ചെയ്യുമ്പോൾ, നമുക്ക് മനസ്സിലാകുന്നത് ഒന്നാം നൂറ്റാണ്ട് മുതൽ ഇന്നു വരെയുള്ള ഓരോ പിൻകഴിഞ്ഞ തലമുറയും, മുഴുവൻ മുസ്ലീം ലോകത്തിലെയും ദൈവശാസ്ത്ര പണ്ഡിതന്മാർ, ഈ വിഷയത്തിൽ യോജിച്ച ഒരു തീരുമാനത്തിൽ എത്തി ചേർന്നതായും അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന് ശേഷം, ഒരാൾക്കും പ്രവാചകനാകാവതല്ല. മറിച്ച് ആരെങ്കിലും അപ്രകാരം വാദിച്ചാൽ, അഥവാ അത്തരം വാദത്തിൽ വിശ്വസിച്ചാൽ, അവൻ ഒരു കാഫിർ ആകുന്നു. അവൻ ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താകുന്നു. എന്നിട്ട് പ്രസ്തുത ഇമാം താഴെപ്പറയുന്ന തെളിവുകളും എടുത്ത് ഉദ്ധരിക്കുന്നു. അതായത് ഈ ദൈവ ശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു.

1. ഹസ്രത് ഇമാമെ അഅ്സം അബൂഹനീഫ(റ) (80-150 ഹി.) പറഞ്ഞു. (കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞതു പോലെ) **"എനിക്കു ശേഷം പ്രവാചകനില്ല"** (മനാഖിബുൽ ഇമാമുൽ അഅ്സം അബൂഹനീഫ, ലബീനെ അഹ്മദുൽ മക്കി, വാള്യം 1, പേജ് 161)

2. അല്ലാമ ഇബ്നു ജമീർ ത്വബരി (റ) (224-310 ഹി) വിശുദ്ധ ഖുർആനിലെ ഈ വചനം വിശദീകരിച്ചു കൊണ്ട് **"വലാക്കിൽ റസൂലല്ലാഹി; വ ഖാത്തമന്നബിയ്യീൻ"** പ്രവാചകത്വത്തിന്റെ വാതിൽ അടച്ച മറ്റൊരാൾ അദ്ദേഹമാണ്. എന്നിട്ട് അതിന്റെ മേൽ ഒരു സീലും സ്ഥാപിച്ചു. (തഫ്സീർ ഇബ്നു ജരീർ, വാള്യം 22 പേജ് 12)

3. അല്ലാമ ഇബ്നു ഹസം (റ) അൻദലൂസി (384-456 ഹി) എഴുതി. സംശയാതീതമായി, വെളിപാടിന്റെ തുടർച്ച മുഹമ്മദ് (സ)യുടെ വഫാത്തിനുശേഷം അവസാനിച്ചു. അതിന്റെ തെളിവ് വെളിപാടുകൾ കിട്ടിക്കൊണ്ടിരുന്ന പ്രവാചകൻ, പ്രവാചകന്മാരിൽ അവസാനത്തേതാണ്. (അൽ മുഹല്ല, വാള്യം 1 പേജ്. 26)

4. ഹസ്രത് ഇമാം ഗസ്സാലി (റ) (450-505 ഹി.) അദ്ദേഹത്തിന്റെ ഗ്രന്ഥമായ **"ഇഖ്തിസ്വാദി"**ൽ എഴുതി.**" സംശയലേശമന്യേ സമുദായം ഒരു ഐക്യതീരുമാനത്തിലെത്തിച്ചേർന്നിരിക്കുന്നു. അതായത് ഖാത്തമുന്നബിയ്യീൻ എന്ന വാക്കിലൂടെ റസൂലോ നബിയോ ഇനി അന്ത്യദിനം വരെയും ഉണ്ടാകുന്നതല്ല"** എന്നിട്ട് ഇമാം മറ്റ് പലരുടെയും വചനങ്ങൾ എടുത്ത് ഉദ്ധരിച്ച ശേഷം പ്രഖ്യാപിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അവസാനത്തെ പ്രവാചകനാണ്. വെളിപാടുകൾ ലഭിക്കുന്നു എന്ന് വാദിക്കുന്നവർ അഥവാ നടിക്കുന്നവൻ, അവനെ ഒരു കാഫിർ ആയി പ്രഖ്യാപിക്കേണ്ടതാണ്. എന്നിട്ട് അദ്ദേഹം പറയുന്നു ഓരോ മുസ്ലീം രാജ്യത്തിലെയും മഹാന്മാരായ പണ്ഡിതന്മാർ, ഫുഖഹാക്കൾ, മുഹദ്ദതീങ്ങൾ, മുഫസ്സിരീങ്ങൾ ഖാത്തമുന്നബൂവ്വത്തിനെപ്പറ്റി ഇതേ അഭിപ്രായം തന്നെയാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

ഖാത്തമന്നബിയ്യീൻ എന്ന വാക്കിന്റെ അർത്ഥ സംബന്ധമായി ഒരു ചെറു വിവരണം നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്, എന്നിട്ട് സുപ്രസിദ്ധരായ മുസ്ലീം പണ്ടിതന്മാരുടെ ഇത് സംബന്ധമായ അഭിപ്രായങ്ങളും സമർപ്പിക്കുകയാണ്. വിശുദ്ധ ഖുർ ആനിലെ സൂറ: അഹ്സാബിലാണ് ഖാത്തമന്നബിയ്യീൻ എന്ന വാക്ക് വന്നിട്ടുള്ളതെന്ന് നിങ്ങൾക്കറിയാവുന്നതാണ്. ഈ വചനത്തിൽ പറയുന്നു. **" മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു."** (33:43) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **"പ്രവാചകനായ ആദം (അ) മിന്റെ ജനനത്തിനു മുമ്പ് തന്നെ ഞാൻ ഖാത്തമന്നബിയ്യീൻ ആയിരുന്നു."** (തഫ്സീർ ഇബ്ന്കതീർ, ആധികാരികത മുസ്നദ് അഹ്മദ് ഇബ്നു ഹമ്പൽ) തന്റെ പുത്രൻ വഫാത്തായപ്പോൾ ഹ:മുഹമ്മദ് (സ) പറഞ്ഞു. **"ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ അവൻ ഒരു പ്രവാചകനാകുമായിരുന്നു."** (ഇബ്നുമാജ, വാള്യം 1, കിതാബുൽ ജനായിസ്) വിശുദ്ധ ഖുർ ആനിലെ ഖാത്തമുന്നബിയ്യീൻ എന്ന വാക്കുകൾ മുകളിൽ സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട വാക്കുകളുമായി യോജിക്കുന്നതാണ്. ഖാത്തം എന്ന വാക്ക് അവസാനത്തേത് എന്ന നിലയിൽ സമയവുമായി ബന്ധിതമല്ല.

സുപ്രസിദ്ധ മുസ്ലീം പണ്ഡിതന്മാർ ഖാത്തമന്നബിയ്യീൻ എന്ന വാക്കിന് നൽകിയ വ്യാഖ്യാനങ്ങൾ കാണുക.

1. പ്രവാചകന്മാരുടെ ആഗമനത്തെ സംബന്ധിച്ചും ഇമാമത്തിന്റെ വിഷയം സംബന്ധമായും ചർച്ച ചെയ്യുമ്പോൾ, അതി മഹാനായ ഒരു പുണ്യവാൻ, ശിയാ വിഭാഗത്തിലെ 6-ാം ഇമാം, ഇസ്ലാമിലെ ആദ്യ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹസ്രത് ജാഫർ സ്വാദിഖ് (റ) (മരണം 148 ഹി / 765 എ.ഡി.) താഴെപ്പറയുന്ന ഖുർആനിക വചനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ **"നിശ്ചയമായും ഇബ്രാഹീം സന്തതികൾക്ക് വേദഗ്രന്ഥം നാം നൽകിയിരിക്കുന്നു."** ഇബ്രാഹീം നബി (അ) ന്റെ സന്താനങ്ങൾക്ക് നാം കനിഞ്ഞ് നൽകിയിരിക്കുന്നു, പ്രവാചകന്മാർ, ദൂതന്മാർ, ഇമാമീങ്ങൾ! ഇബ്രാഹീം നബി (അ) ന്റെ സന്താനങ്ങൾക്ക് അല്ലാഹു നൽകിയതിനെ ജനങ്ങൾ വിശ്വസിക്കുന്നു. എന്നാൽ മുഹമ്മദ് (സ) ന്റെ സന്താനങ്ങൾക്ക് അല്ലാഹു ഈ അനുഗ്രഹങ്ങൾ നീട്ടികൊടുക്കുമ്പോൾ അവർ അതിനെ നിഷേധിക്കുന്നു. എന്നത് ഒരു വിരോധാഭാസം തന്നെ!

2. ലോക പ്രസിദ്ധനായ ദിവ്യൻ, ആദ്ധ്യാത്മ ദർശന ലോകത്തിലെ സൂര്യൻ എന്നറിയപ്പെടുന്ന ഹസ്രത് മൗലാന ജലാലുദ്ദീൻ റൂമി (റ) (ജനനം 604 ഹി/ 1207 എ.ഡി.) (മരണം 672 ഹി. /1273 എ.ഡി.) പറഞ്ഞു. പ്രവാചകത്വത്താൽ അനുഗ്രഹിക്കപ്പെട്ട നിലയിൽ നിങ്ങൾ നന്മയുടെ വഴിയിൽ കഠിനാധ്വാനം ചെയ്യുക; നിങ്ങൾ ഒരു അനുയായി ആണെങ്കിലും പോലും. (മത്നവി മൗലാനാ റൂമി, ചാപ്റ്റർ 1, പേജ് - 53)

3. സ്പെയിനിൽ നിന്നുള്ള സുപ്രസിദ്ധ വ്യഖ്യാതാവ്, മഹാനായ ശൈഖ് ഹസ്രത് മുഹയിദ്ദീൻ ഇബ്നു അറബി (വഫാത്ത് 638 ഹി / 1240 എ.ഡി.) പറഞ്ഞു. **" നിയമവാഹകമായ പ്രവാചകതത്വം അവസാനിച്ചെങ്കിൽ പോലും, മാനവകുലത്തിൽ അന്ത്യനാൾ വരേക്കും പ്രവാചകതത്വം തുടരുന്നതാണ്. നിയമവാഹകമായ പ്രവാചകത്വം അതൊരു പ്രത്യേക രീതിയിലുള്ള പ്രവാചകത്വം ആകുന്നു."**

4. ഹസ്രത് ശൈഖ് മുഹ്യിദ്ദീൻ ഇബ്നു അറബി വീണ്ടും പറയുന്നു. **" ദറൂദ്" പ്രാർത്ഥനയിലൂടെ മുഹമ്മദ് (സ) യുടെ ശ്രേഷ്ഠതയുടെ ഉയരത്തെയാണ് കാണിക്കുന്നത്. അദ്ദേഹം തന്റെ സന്താന പരമ്പരയെ പ്രവാചകന്മാരുടെ നിലവാരത്തിലേക്ക് ഉയർത്തിയിരിക്കുകയാണ്. അതിലൂടെ ഹസ്രത് ഇബ്രാഹീം (അ) നെക്കാൾ വളരെ വലിയ ഔന്നത്യമാണ് നൽകിയിരിക്കുന്നത്. കാരണം അദ്ദേഹം കൊണ്ടു വന്ന നിയമസംഹിത കാലഹരണപ്പെടുന്നതല്ല."** (ഫുത്തൂഹാത്തി മക്കിയ്യ, വാള്യം 1, പേജ് 545)

5. ആദ്ധ്യത്മ ദർശന മുഖ്യനും തന്റെ കാലത്തിലെ ശൈഖുമായിരുന്ന ഹസ്രത് ശൈഖ് ബാലി അഫൻന്തി (വഫാത്ത് 960 ഹിജ്റ) പറഞ്ഞു. **"ഖാത്തമർ റസൂൽ" എന്നത് കൊണ്ടർത്ഥമാക്കുന്നത് പുതിയ നിയമവുമായി ഒരു പ്രവാചകൻ അദ്ദേഹത്തിന് ശേഷം വരില്ല എന്നാകുന്നു."** (ശറഹ് ഫുസൂസുൽ ഹക്കം)

6. ദിവ്യൻന്മാരുടെ ദിവ്യനായ, ഇമാമും രണ്ടാം സഹസ്രാബ്ദത്തിലെ പരിഷ്ക്കർത്താവുമായ ഹസ്രത് ശൈഖ് അഹ്മദ് ഫറൂഖി സർഹിന്ദി (വഫാത്ത് 1034 ഹിജ്റ/1624 എ.ഡി.) പറഞ്ഞു. **"ഖാത്തമർ റസൂൽ ഹസ്രത് മുഹമ്മദ് (സ) യ്ക്ക് ശേഷം, ഒരു പ്രവാചകൻ ആഗതനാകുന്നത്, തെരഞ്ഞെടുക്കപ്പെട്ട തന്റെ അനുയായികളിൽ**

**നിന്ന്, ഒരു പാരമ്പര്യം എന്ന നിലയിൽ വരുന്നത്, ഖാത്തമർറസൂൽ എന്ന പദവിക്ക് യാതൊരു വിധ കോട്ടവും വരുത്തുന്നതല്ല. ആയതിനാൽ, അല്ലയോ വായനക്കാരേ, നിങ്ങൾ സംശയാലുക്കളിൽ അകപ്പെട്ടു പോകരുത്."** (മക്തൂബാത് ഹസ്രത് ഇമാം റബ്ബാനി ഹസ്രത് മുജദ്ദിദ് അൽഫ്താനി)

7. ഹസ്രത് മിർസാ മസ്ഹർ ജനേ ജനാൻ നഖ്ഷബന്തി (വഫാത്ത് 1995 ഹിജ്റ/ 1781 എ.ഡി.) ആദ്ധ്യാത്മ ദർശനത്തിന്റെ അറിയപ്പെട്ട ഒരു വക്താവ്, പ്രസിദ്ധ സാഹിത്യകാരൻ, കവി, ലേഖന കർത്താവ്, പറഞ്ഞു. **"നിയമ വാഹക പ്രവാചകത്വത്തിന്റെ പൂർത്തീകരണം മാത്രമാണ് പൂർത്തിയായത്., അവസാനിച്ചത്. സർവ്വ ശക്ത നായ ദൈവത്തിന്റെ ഇതര അനുഗ്രഹങ്ങളെ സംബന്ധിച്ച് അവൻ അൽപവും പിശുക്കു കാണിക്കുന്നവനോ ലുബ്ധു കാണിക്കുന്നവനോ അല്ല"** (മഖാമാത്ത് മസ്ഹരി പേജ് 88)

8. ഹസ്രത് മൗലാന ഫാറൻഗി മഹൽ (വഫാത്ത് 1304 ഹിജ്റ) പറഞ്ഞു. **" സുന്നി വിഭാഗത്തിലെ പണ്ഡി തൻമാരും വിശ്വസിക്കുന്നു; അതവർ പ്രഖ്യാപിച്ചിട്ടുമുണ്ട്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഭരണകാ ലത്തിനിടയിൽ ഒരു നിയമവാഹകനായ പ്രവാചകനും വരാവുന്നതല്ല, കാരണം അദ്ദേഹത്തിന്റെ പ്രവാചകത്വം അവസാന കാലം വരേക്കുമുള്ളതാണ്. തന്റെ ഭരണ കാലത്തിനിടയിൽ ആഗതരാകുന്ന പ്രവാചകൻമാർ, നിശ്ച യമായും മുഹമ്മദ് (സ) ന്റെ നിയമത്തെ പിന്തുടരുന്നവരായിരിക്കും."** (മജ്മഅ ഫത്താവ, മൗലവി അബ്ദുൽ ഹയ്യ്, വാള്യം 1. പേജ് 144)

9. ഹസ്രത് മുഹ്യിദ്ദീൻ ഇബ്നു അറബി പറഞ്ഞു. **"ദറൂദ്" സംബന്ധമായ പഠനത്തിലും ചിന്തയിലും, ഞങ്ങൾ ഒരു നിശ്ചിത തീരുമാനത്തിലെത്തിച്ചേർന്നിരിക്കുന്നു. അതായത് മുസ്ലീങ്ങളിൽ നിന്ന് പ്രവാചകത്വത്തിന്റെ കാര്യ ത്തിൽ, പ്രവാചക നിലവാരത്തിലേക്കുയരുന്ന വ്യക്തികൾ അല്ലാഹു ഉദ്ദേശിച്ചാൽ ഉണ്ടാവുന്നതാണ്. എന്നാൽ അവർക്ക് പുതിയ നിയമ സംഹിത നൽകപ്പെടുന്നതല്ല."** (ഫുത്തൂഹാതെ മക്കിയ്യ), വാള്യം 1, പേജ് 545)

10. ഉമ്മുൽ മുഅ്മിനീൻ ഹസ്രത് ആയിശാ സിദ്ദീഖ (റ) യെ സംബന്ധിച്ച് ഇസ്ലാമിക വിശ്വാസത്തിന്റെ പകുതി മുസ്ലീങ്ങളെ പഠിപ്പിച്ചിട്ടുള്ളത് അവരാണ്. എന്നത് സാർവ്വദേശീയ മായ നിലയിൽ അംഗീകരിച്ചിട്ടുള്ള വസ്തു തയാണ്. അവർ പറഞ്ഞു. **"ഹേ മുസ്ലീങ്ങളെ "നിങ്ങൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഖാത്തമുന്ന ബിയ്യീൻ എന്ന് പറഞ്ഞു കൊള്ളുക. എന്നാൽ അദ്ദേഹത്തിനു ശേഷം പ്രവാചകനില്ല എന്ന് പറയരുത്."** (ദുർരീ മൻശൂർ, വാള്യം 5, പേജ്. 204)

11. ശൈഖുൽ ഇമാം, ഇബ്നു ഖത്തീബ (വഫാത്ത് 267 ഹിജ്റ) ഹസ്രത് ആയിശാ സിദ്ദീഖ (റ) പറഞ്ഞതിനെ എടുത്തുദ്ധരിച്ചുകൊണ്ട്, അതിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നു. **"ഈ പ്രഖ്യാപനം ഹസ്രത് ആയിശയുടെ) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ എനിക്കു ശേഷം നബിയില്ല എന്ന വചനത്തിനെതിരാ വുകയില്ല. എന്തുകൊണ്ടെന്നാൽ, യഥാർത്ഥത്തിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അർത്ഥമാക്കിയത്, അദ്ദേഹം കൊണ്ടു വന്ന നിയമസംഹിതയെ റദ്ദു ചെയ്യുന്ന ഒരു പ്രവാചകനും വരില്ല എന്നാകുന്നു."** (ത്വവീൽ, മുഖ്ത്തലിഫുൽ അഹാദീസ്, പേജ് 236)

12. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സുപ്രസിദ്ധ ഹദീസ് പണ്ഡിതൻ, ഇമാം മുഹമ്മദ് ത്വാഹിർ (വഫാത്ത് 986 ഹിജ്റ /1578 എ.ഡി.) പ്രസ്താവിച്ചിട്ടുണ്ട്. ഹസ്രത് ആയിശാ (റ) യുടെ ഈ വീക്ഷണം, ഹസ്രത് ഈസ (അ) വരുമെന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലായിരിക്കാം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ എനിക്ക് ശേഷം നബിയില്ല എന്ന വചനത്തിന് ഇത് എതിരാവുകയില്ല. കാരണം നബികരീം (സ) ഉദ്ദേശിച്ചത് തന്റെ ശരീ അത്തിന് മാറ്റം വരുത്തുന്ന ഒരു പ്രവാചകനും വരില്ല എന്ന് തന്നെ!

13. ഹസ്രത് ശാഹ്! വലിയ്യുല്ലാഹി, ഡൽഹി (വഫാത്ത് 1176 എ.ഡി.) എഴുതി. **"പരിശുദ്ധ പ്രവാചകൻ (സ) യുടെ "എനിക്കു ശേഷം പ്രവാചകനില്ല, ദൂതനുമില്ല"** എന്ന വചനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത്, പ്രവാചകത്വം അവസാനിച്ചിരിക്കുന്നു എന്നതിന്റെ അർത്ഥം നിയമവാഹകമായ പ്രവാചകത്വം അവസാനിച്ചി രിക്കുന്നു എന്നാണ്. (ഖിറാഅത്തുൽ അയ്നൈൻ ഫി തഫസ്സലുൽ ശൈയ്ഖയ്നി, പേജ് 39)

പ്രശസ്തരായ മറ്റ് മുസ്ലീം പണ്ഡിതന്മാരുടെയും വ്യാഖ്യാനങ്ങൾ, അഭിപ്രായങ്ങൾ ഉദ്ധരിക്കാനുണ്ട്. അവർ ഖാത്തമുന്നബ്ബീയിൻ, ലാ നബീയ്യ ബഅ്ദി എന്നിവയ്ക്ക് നൽകിയ വ്യാഖ്യാനങ്ങൾ ഇപ്രകാരമാണ് എന്ന് മനസ്സിലാക്കുക. മാത്രമല്ല അല്ലാഹു (ത) വാഗ്ദാനം ചെയ്തതാണ്, ഓരോ നൂറ്റാണ്ടിലും, ഇസ്ലാമിനെ നവീകരിക്കുവാൻ, ആളെ നിയോഗിക്കുന്നതാണ് എന്നത്! കാരണം ഇതിന്റെ അധ്യാപനങ്ങൾ വളച്ചൊടിക്കുവാനുള്ള സാധ്യതയുണ്ട് എന്നറിയുന്നവൻ അല്ലാഹുവാണ്. അല്ലയോ മുസ്ലീങ്ങളെ! കഴിഞ്ഞ നൂറ്റാണ്ടിൽ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ലൂടെയും, ഈ നൂറ്റാണ്ടിൽ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ ഈ വിനീതനിലൂടയും ഈ വാഗ്ദാനം പൂർത്തിയായിരിക്കുന്നു എന്നതിന് നിങ്ങൾ സാക്ഷികളാണ്. അൽഹംദുലില്ലാഹ് ! അല്ലാഹു (ത) എപ്പോഴും നമ്മെ നേർപാതയിൽ നയിക്കട്ടെ! ആമീൻ.

## ആസാദ് ഷാ സാഹിബിന്റെ കൊലപാതകം സ്കോട്ട്ലൻഡിൽ :-

2016 മാർച്ച് 24-ാം തീയതി പ്രാദേശിക സമയം 9 മണിക്ക്, 40 വയസ്സ് പ്രായമുള്ള അഹ്മദി മുസ്ലീം ആസാദ് ഷാ വൈകുന്നേരം കൊലചെയ്യപ്പെട്ടു. പാകിസ്ഥാൻകാരനാണ്, റബ്വ നിവാസിയായിരുന്നു, സ്കോട്ട്ലന്റിലെ ഗ്ളാസ്ഗോയിൽ താമസം. അദ്ദേഹത്തെ ആക്രമിച്ച വ്യക്തി കത്തികൊണ്ട് 30-ഓളം കുത്തുകൾ കുത്തിയെന്ന് അന്വേഷണ അധികൃതർ പറയുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരൻ തൊട്ടടുത്ത കടയിൽ നിന്നും രക്ഷിക്കാൻ എത്തിയെങ്കിലും കഴിഞ്ഞില്ല. തന്റെ സഹോദരനെ രക്ഷിക്കുവാനുള്ള ശ്രമത്തിൽ അദ്ദേഹത്തിനും മുറിവേൽക്കുകയുണ്ടായി. ആസാദ് ഷാ സാഹിബിനെ ക്യൂൻ എലിസബത്ത് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും, അവിടെ എത്തിയപ്പോഴേക്കും മരണപ്പെട്ടിരുന്നു.

കേസ് നടന്നുകൊണ്ടിരിക്കുന്നു. ആരോപിതനായ കൊലയാളി തൻവീർ അഹ്മദ് ആണെന്ന് തിരിച്ചറിഞ്ഞു. 32 വയസ്സ് പ്രായം. വടക്കേ ഇംഗ്ലണ്ടിൽ, ബ്രാഡ് ഫോർഡിലുള്ള പ്രസ്തുത കക്ഷി ഗ്ലാസ് ഗോയിലേക്ക്, ആസാദ് ഷാ സാഹിബിനെ വധിക്കുവാനുള്ള ഒരേ ലക്ഷ്യം വച്ചാണ് അവിടെ പോയത് എന്ന്, അറസ്റ്റ് ചെയ്ത് സ്കോട്ടിഷ് അധികാരികൾ പറഞ്ഞു. 2016 ഏപ്രിൽ 5-ാം തീയതി മുതൽ വിചാരണ ആരംഭിക്കുന്നതാണ്.

കുറേ വർഷങ്ങളായി ആസാദ് ഷാ സാഹിബും ഞാനുമായി തുടർച്ചയായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളും വെളിപാടുകളും എനിക്ക് ഈമെയിൽ വഴി അയച്ചു തന്നിരുന്നു. രണ്ട് മൂന്ന് പ്രാവശ്യം ഞങ്ങൾ ടെലിഫോൺ വഴിയും മണിക്കൂറുകളോളം സംസാരിച്ചിരുന്നു. ഇന്റർനെറ്റു വഴിയും തുടർച്ചയായി ബന്ധപ്പെട്ടിരുന്നു. 2014 ലെ എന്റെ ലണ്ടൻ സന്ദർശന സമയത്ത് കാണാൻ കഴിയാത്തതിലുള്ള ഖേദം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം എന്റെ സന്ദർശനം അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും കാണാൻ വരുമായിരുന്നു എന്നദ്ദേഹം പറയുകയുണ്ടായി. എന്നോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ വർഷം അദ്ദേഹം എന്നോട് പറഞ്ഞു. അദ്ദേഹത്തെ അല്ലാഹു തന്റെ തെരഞ്ഞെടുത്ത ദാസനായി ഉയർത്തിയിരിക്കുന്നു എന്ന്. അനേകം പദവികളും നൽകിയിരിക്കുന്നു. അദ്ദേഹം എന്നോടൊപ്പം ചേർന്നു പ്രവർത്തിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അതായിരുന്നു അദ്ദേഹവും ഞാനുമായുള്ള അവസാനത്തെ സംഭാഷണം. അതിനുശേഷം, ഞാൻ വളരെ വലിയ തിരക്കിലായിരുന്നു, എന്നാൽ ഞങ്ങൾ ഇമെയിൽ വഴി ബന്ധപ്പെട്ടിരുന്നു.

**ഞാനും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും, ഈ മ്ളേഛമായ കൊലപാതകത്തെ അപലപിക്കുന്നു. ഞങ്ങളുടെ ഹൃദയംഗമമായ അനുശോചനം അദ്ദേഹത്തിന്റെ കുടുംബത്തെ അറിയിക്കുന്നു. "ഇന്ന ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജി ഊൻ" അല്ലാഹു (ത) അദ്ദേഹത്തിനെ എപ്പോഴും അവന്റെ തണലിൽ സംരക്ഷിക്കട്ടെ! അദ്ദേഹത്തിന് മാപ്പ് നൽകട്ടെ! ഈ പ്രയാസ ഘട്ടത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷമ പ്രദാനം ചെയ്യട്ടെ ! ആമീൻ.**

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*